(4) ആകാശവാണി, ദൂരദർശൻ ഡയറക്ടറെ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ കരി ഓയിൽ ഒഴിച്ച സംഭവം

ശ്രീ. പി. കെ. കെ. ബാവ : സർ, കഴിഞ്ഞ വ്യാഴാഴ്ച സർക്കാർ ജീവനക്കാരുടെ കലാസാംസ്കാരിക ഒരു സംഘടനയായ 'പുര' വടകരയിൽ സംഘടിപ്പിച്ച ഒരു പരിപാടിയിൽ സംബന്ധിക്കുന്നതിനുവേണ്ടി അവിടെ എത്തിച്ചേർന്ന കോഴിക്കോട് ആകാശവാണി ദൂരദർശൻ ഡയറക്ടർ ശ്രീ. രാജശേഖരനെ ഏതാനും ചെറുപ്പക്കാർ കയ്യേറ്റം ചെയ്യുകയും അദ്ദേഹത്തിന്റെമേൽ കരി ഓയിൽ ഒഴിക്കുകയും ചെയ്ത സംസ്കാരശൂന്യമായ നടപടിയാണ് ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. വ്യക്തിഹത്യക്കെതിരെ ജനസദസ്സ് എന്ന പരിപാടി ഏതാനും ദിവസം മുമ്പ് കോഴിക്കോട്ട് നടത്തിയിരുന്നു. ആ പരിപാടിയിൽ ഡയറക്ടർ പങ്കെടുക്കുകയും അദ്ദേഹത്തിന്റെ അഭിപ്രായം തുറന്ന് പ്രകടിപ്പിക്കുകയും ചെയ്തതിന്റെ പേരിലാണ് ഈ ഹീനമായ ആക്രമണം ചെറുപ്പക്കാർ നടത്തിയിട്ടുള്ളത്. മാധ്യമ സ്വാതന്ത്ര്യം, ആവിഷ്ക്കാര സ്വാതന്ത്ര്യം, പൗരാവകാശം, മനുഷ്യാവകാശം എന്നിവയെ സംബന്ധിച്ച് വാതോരാതെ സംസാരിക്കുന്ന ഒരു വലിയ രാഷ്ട്രീയ പാർട്ടിയുടെ യുവജന വിഭാഗമായ ഡി.വൈ.എഫ്.ഐ.-യിലെ ഒരു വിഭാഗമാണ് ഇത് ചെയ്തിട്ടുള്ളത്. ഇത് ഒരു ഹീനമായിട്ടുള്ള കാര്യമാണ്. ഇത് അപമാനകരമാണ്. കേരളത്തിൽ ഇത് മേലിൽ ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നിർഭാഗ്യകരമായ ഒരു സംഭവമാണ് അവിടെ നടന്നത്. ദൂരദർശൻ ഡയറക്ടർ ശ്രീ. രാജശേഖരനെ ഡി.വൈ.എഫ്.ഐ. പ്രവർത്തകരായ ഏതാനും പേർ ചേർന്ന് ദേഹോപദ്രവം ഏല്പിക്കുകയും കരി ഓയിൽ ഒഴിക്കുകയും ചെയ്തു. സർക്കാർ ജീവനക്കാരുടെ കലാ സാംസ്കാരിക സംഘടനയായ 'പുര'യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'കൂട്ടായ്മ' എന്ന കലാ സാംസ്കാരിക പരിപാടി ഉദ്ഘാടനം ചെയ്ത് പുറത്തിറങ്ങി കാറിൽ കയറാൻ തുടങ്ങുമ്പോൾ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ അദ്ദേഹത്തിന്റെ ദേഹത്ത് കരി ഓയിൽ ഒഴിക്കുകയും നെഞ്ചത്തും പുറത്തും അടിച്ചും ഇടിച്ചും ദേഹോപദ്രവം ഏല്പിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ദൂരദർശൻ കേന്ദ്രം ഡയറക്ടർ ശ്രീ. രാജശേഖരന്റെ പരാതി പ്രകാരം ക്രൈം 83/2006 നമ്പരായി വടകര പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് ഡി.വൈ.എഫ്.ഐ. പ്രവർത്തകരായ വിപിത്ത്, രഞ്ചിത്ത്, സച്ചിൻ, സനൽ എന്നിവരെ പോലീസ് അറസ്റ്റ് ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് നിർഭാഗ്യകരമായ സംഭവമാണ്. നമ്മളെല്ലാപേരും കാര്യമായി ആലോചിക്കേണ്ടതാണ്. കരി ഓയിൽ ഒഴിക്കുന്നത് നമ്മുടെ രാഷ്ട്രീയ പ്രവർത്തനമാണോ? ഈ രീതിയിൽ പോയാൽ നമ്മുടെ രാഷ്ട്രീയ പ്രവർത്തനം വഴിതെറ്റിപ്പോകും. ബഹുമാനപ്പെട്ട കെ. വി. തോമസിന്റെ പുറത്ത് കരി ഓയിൽ ഒഴിക്കാൻ ശ്രമിച്ചു. നിർഭാഗ്യകരമായ കാര്യമാണ്. എന്റെ അഭ്യർത്ഥന രാഷ്ട്രീയ നേതാക്കൻമാർ അവരുടെ യുവജന വിഭാഗങ്ങൾക്കും മറ്റുള്ളവർക്കും ഇമ്മാതിരി സംഭവങ്ങൾ മേലിൽ ആവർത്തിക്കരുതെന്ന് കർശനമായ നിർദ്ദേശം നൽകണം. ഈ കേസ്സിനെക്കുറിച്ച് കാര്യമായി അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly